# പതിമൂന്നാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4939 01/07/13-ൽ മറുപടിക്ക്

## റോഡ് പുനരുദ്ധാരണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ കീഴിൽ റോഡ് പുനരുദ്ധാരണത്തിന് ഏതെല്ലാം പദ്ധതികളാണ് ഉള്ളത്? | (എ) റോഡ് പുനരുദ്ധാരണത്തിന് 4405-00-800-80 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്ന പദ്ധതി ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തു വരുന്നത് | (ബി) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ റോഡുകളുടെ പുനരുദ്ധാരണം, പുതിയ റോഡുകളുടെ നിർമ്മാണം, റോഡുകളുടെ വശങ്ങൾ സംരക്ഷിക്കൽ,വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് അത്യാവശ്യമായ ഓട നിർമ്മാണം, റോഡിന് കുറുകെയുള്ള നീർച്ചാലുകൾ/തോട് എന്നിവ സംരക്ഷിക്കുന്നതിനുള്ള കലുങ്ക് നിർമ്മാണം എന്നീ പ്രവൃത്തികളാണ് ചെയ്തുവരുന്നത് |
| (സി) ഇതിനായി റോഡ് തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) തീരദേശ റോഡുകളുടെ നിർവചനത്തിൽ, തീരദേശത്തെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികളിലേയും, കോർപ്പറേഷനുകളിലേയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ എന്നിവയിലേതിലെങ്കിലും കൂടി കടന്നുപോകുന്ന റോഡുകളേയും കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള റോഡുകളേയും തീരദേശ റോഡുകളായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ